**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 544** **05-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് അറിയിക്കാമോ; | (എ) | വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്. ടി എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണ പ്ലാന്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ എസ്റ്റേറ്റുകളിലെ അറ്റകുറ്റപ്പണികൾ, പുനർനിർമാണം എന്നിവയ്ക്കായി ഓരോ സാമ്പത്തിക വർഷത്തെയും ബജറ്റ് വിഹിതമായി തുക വകയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഭരണാനുമതിയ്ക്ക് വിധേയമായി നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന 1462 വ്യവസായ യൂണിറ്റുകൾക്ക് റോഡ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ളതും സിഡ്കോയുടെ കീഴിലുള്ളതുമായ പാർക്കുകൾ ആധുനികവൽക്കരിക്കുന്നതിന് ആവശ്യമായ സമഗ്രമായ പദ്ധതി പരിഗണനയിലുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ മേഖലയുടെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കൊച്ചി, എറണാകുളം പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം. ഐ.ടി / ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് |

| | | | |
|---|---|---|---|
| | | | വീഡിയോ പാർക്ക്, തിരുവനന്തപുരം, രണ്ടാം ഘട്ടം. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ. സ്പൈസസ് പാർക്ക്, ഇടുക്കി ഇൻറഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളിൽ ജലം, വൈദ്യുതി ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലകളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ഓരോ വ്യവസായ എസ്റ്റേറ്റിലെയും ഗതാഗത സൗകര്യത്തിന്റെ അധിക ആവശ്യകത പരിശോധിച്ച് അറ്റകുറ്റപ്പണി/പുനർനിർമാണം പൊതു മരാമത്ത് വകുപ്പ്, അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ എന്നിവ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തി വരുന്നു. സിഡ്കോയുടെ ഉടമസ്ഥതയില്ലുള്ള ഉള്ളൂർ, ഒലവക്കോട് , വെസ്റ്റ്ഹിൽ, കടലുണ്ടി, പാലയാട്, ഒല്ലൂർ എന്നീ എസ്റ്റേറ്റുകളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ